# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4632 — 13/11/2019 - ൽ മറുപടിക്ക്

## തോട്ടട ഇ.എസ്.ഐ. ആശുപത്രി വികസനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.റ്റി.വി.രാജേഷ്** | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** |
| കണ്ണൂർ ജില്ലയിലെ തോട്ടട ഇ.എസ്.ഐ. ആശുപത്രി സൂപ്പർ സ്പെഷ്യാലിറ്റിയായി ഉയർത്തുന്നതിന്റെ ഭാഗമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | സംസ്ഥാന സർക്കാരുമായി നിലവിലുള്ള കരാർ പ്രകാരം ഇ.എസ്.ഐ കോർപ്പറേഷനാണ് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സാ സൗകര്യം നൽകേണ്ടത്. തോട്ടട ഇ.എസ്.ഐ ആശുപത്രിയെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തി കോർപ്പറേഷൻ നേരിട്ട് നടത്തണമെന്ന സംസ്ഥാനത്തിന്റെ ആവശ്യം കോർപ്പറേഷൻ പരിഗണിക്കുകയുണ്ടായില്ല. കേരളത്തിൽ ഒരു സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി ഉൾപ്പെടെ 3 ആശുപത്രികൾ കോർപ്പറേഷൻ നേരിട്ട് നടത്തുന്നുണ്ടെന്നും സംസ്ഥാന സർക്കാരിന് തോട്ടട ഇ.എസ്.ഐ ആശുപത്രിയെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്നതിന് താത്പര്യമുണ്ടെങ്കിൽ അങ്ങനെ ചെയ്യാവുന്നതാണെന്നും അറിയിക്കുകയുണ്ടായി. അതിനെ തുടർന്ന് തോട്ടട ഇ.എസ്.ഐ ആശുപത്രിയെ സൂപ്പർ സ്പെഷ്യാലിറ്റിയായി ഉയർത്തുന്നതിന് സംസ്ഥാന സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. കാർഡിയോളജി, നെഫ്രോളജി, ഓങ്കോളജി, ന്യൂറോളജി യൂണിറ്റുകൾ ആരംഭിക്കുന്നതിന് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം ഡോക്ടർമാരുമായും 02.11.2019 ൽ സർക്കാർ തലത്തിൽ ചർച്ച നടത്തുകയും മൂന്നു മാസത്തിനകം വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് (DPR) സമർപ്പിക്കുന്നതിന് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ